## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4963** — **23.03.2018-ൽ മറുപടിയ്ക്ക്**

**ഭാരത് ഭവൻ വഴി കലാ-സാംസ്കാരിക കൂട്ടായ്മ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ആൻസലൻ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കലാ-സാംസ്കാരിക രംഗത്തു വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ഇരുന്നൂറിൽപരം വ്യക്തിത്വങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന കൂട്ടായ്മയ്ക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കാമോ; | (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കലാ സാംസ്കാരിക കൂട്ടായ്മയ്ക്കായി ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ എസ്റ്റിമേറ്റ് സഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) കലാ-സാംസ്കാരിക കൂട്ടായ്മയ്ക്ക് ധനസഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) നിലവിലെ ചട്ടമനുസരിച്ച് വിവിധ സാംസ്കാരിക പരിപാടികൾ/കൂട്ടായ്മകൾക്ക് പരമാവധി അനുവദിക്കുന്ന തുക 25,000/-രൂപയാണ്. ആയത് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ പരിപാടിയുടെ പ്രാധാന്യമനുസരിച്ച് പരമാവധി 5 ലക്ഷം രൂപ വരെ ഇത്തരം പരിപാടികൾക്ക് ചട്ടങ്ങളിൽ ഇളവുവരുത്തി അനുവദിക്കാറുണ്ട്. |
| (സി) തിരുവനന്തപുരം ജില്ലയിൽ ഇത്തരം കൂട്ടായ്മയ്ക്ക് എന്തെങ്കിലും ധനസഹായം 2017-18 കാലയളവിൽ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നൽകി എന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്. പരിപാടിയുടെ പ്രാധാന്യമനുസരിച്ച് പരമാവധി 5 ലക്ഷം രൂപ വരെ ചട്ടങ്ങളിൽ ഇളവുവരുത്തി അനുവദിക്കാറുണ്ട്. |
| (ഡി) ഭാരത് ഭവൻ വഴി കലാ-സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിക്കാൻ ഏതെങ്കിലും തരത്തിൽ ഉള്ള തടസ്സം ഉണ്ടോ; നഗര പ്രദേശങ്ങളിൽ ഇത്തരം കൂട്ടായ്മ സംഘടിപ്പിക്കാൻ ഭാരത് ഭവന് നിർദ്ദേശം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) സാംസ്കാരിക വിനിമയ അവതരണങ്ങൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഭാരത് ഭവൻ സാംസ്കാരിക രംഗാവതരണങ്ങൾ സംഘടിപ്പിച്ചു വരുന്നു. നെയ്യാറ്റിൻകരയിൽ പത്ത് സംസ്ഥാനങ്ങളിലെ വിവിധങ്ങളായ കലാരൂപങ്ങൾ കോർത്തിണക്കിയ ഭാരതീയ രംഗോത്സവവും, 2017 സെപ്റ്റംബറിൽ നെയ്യാർ മേളയോടനുബന്ധിച്ച് 12 സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങളുടെ അവതരണമായ ഇന്ത്യൻ വസന്തോത്സവവും ഭാരത് ഭവൻ സംഘടിപ്പിച്ചിരുന്നു. ഇത്തരത്തിലുള്ള കലാ സാംസ്കാരിക കൂട്ടായ്മകൾ തുടർന്നും ഭാരത് ഭവൻ ആവശ്യാനുസരണം സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ